**ശ്രീ യേശു നാമം അതിശയനാമം**
**ഏഴയെനിക്കിമ്പനാമം**

1. എല്ലാ നാമത്തിലും മേലായ നാമം
ഭക്തർ ജനം വാഴ്ത്തും നാമം
എല്ലാമുഴങ്കാലും മടങ്ങിടും തൻ തിരുമുമ്പിൽ
വല്ലഭത്വം ഉള്ള നാമം ശ്രീയേശു

2. എണ്ണമില്ലാ പാപം എന്നിൽനിന്നു നീക്കാൻ
എന്നിൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്ത് എന്നേക്കുമായ് മാച്ചു തന്ന
ഉന്നതന്റെ വന്ദ്യനാമം ശ്രീയേശു

3. ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും
കുഷ്ഠരോഗികൾക്കുമെല്ലാം
വിടുതലും നൽകും നാമം
–ശ്രീയേശു

4. പാപ പരിഹാരം പാതകർക്കു നൽകാൻ
പാരിടത്തിൽ വന്ന നാമം
പാപമറ്റ ജീവിതത്തിൽ മാതൃകയെ കാട്ടിതന്ന
പാവനമാം പുണ്യനാമം –ശ്രീയേശു

**Shree yaeshu naamam athishaya naamam**
**Aezhayenikkimpa naamam**

1. Ella naamathilum maelaaya naamam
Bhakthar janam vaazhuthum naamam
Ella muzhankaalum madangeedum than thiru mumpil
Vallabhathwam ulla naamam- -Shree Yaeshu

2. Ennhamillaa paapam ennil ninnu neekaan
ennil kaninja naamam
Annyan ennamaelezhuthu
ennaekkumaai maaichu thanna
Unnathante vannya naamam
-Shree yaeshu

3. Bhoothabaadhitharkkum naana vyadhi-kkaarkkum
Mochanam kodukkum naamam
Kurudarkkum mudantharkkum kushta
rogigalkkum ellaam
Viduthalum nalkum naamam
-Shree Yaeshu

4. Paapa parihaaram paathakarhkku nalkaan
Paaridathil vanna naamam
Paapamattha jeevithathin maathrukaye kaatti thanna
Paavanamaam punhya naamam
-Shree yaeshu